ഇതിനും പുറമെ 10-12-2001-ലെ ജി. ഒ. (എം.എസ്.) നമ്പർ. 5/2001/നോർക്ക ഉത്തരവു പ്രകാരം അഡീഷണൽ സെക്രട്ടറി-1, സെക്ഷൻ ഓഫീസർ-1 ,അസിസ്റ്റന്റ് -2 എന്നീ തസ്തികകൾ അനുവദിക്കുകയും ഈ തസ്തികകൾ റീ ഡിപ്ലോയ്മെന്റ് വഴി നികത്തുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(ബി) ന്യൂഡൽഹിയിൽ കേരള ഹൗസിൽ നോർക്ക സെൽ പ്രവർത്തിക്കുന്നു. പൊതുഭരണ വകുപ്പിൽ നിന്നുള്ള ഒരു ഡെപ്യൂട്ടി സെക്രട്ടറിയും, ധനകാര്യ വകുപ്പിൽ നിന്നുള്ള ഒരു അണ്ടർ സെക്രട്ടറിയും പ്രസ്തുത ഓഫീസിൽ പ്രവർത്തിച്ചുവരുന്നു.

<u>ഗൾഫ് നാടുകളിലേക്കുള്ള വിമാനയാത്രക്കൂലി കുറവുചെയ്യുന്നത് സംബന്ധിച്ച്</u>

169 [789] <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) ഗൾഫ് നാടുകളിലേക്കുള്ള വിമാനയാത്രക്കൂലി കുറവുചെയ്യുന്നത് സംബന്ധിച്ച് സർക്കാർ കൈക്കൊണ്ടു വരുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ;

(ബി) ഈ പ്രശ്നത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(സി) കുറഞ്ഞ നിരക്കിൽ കേരളത്തിലെ വിമാനത്താവളങ്ങളിലേക്ക് സർവ്വീസ് നടത്തുന്നത് സംബന്ധിച്ച് വിദേശ വിമാനക്കമ്പനികളുമായി ചർച്ചകൾ നടത്തുകയുണ്ടായോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ചാർജ് കുറക്കുന്നതു സംബന്ധിച്ച് എയർ ഇൻഡ്യ, ഇൻഡ്യൻ എയർലൈൻസ് എന്നിവയുമായുള്ള ചർച്ചകളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാന സർക്കാർ വിമാന ഇന്ധന നികുതി പിൻവലിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) കേരള ഗവൺമെന്റ് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിലേക്ക് നിരവധി തവണ ഇക്കാര്യത്തിൽ നിവേദനം നൽകിയിട്ടുണ്ട്. ഏറ്റവും അവസാനമായി 25-5-2004-ൽ കേന്ദ്ര സിവിൽ ഏവിയേഷൻ വകുപ്പ് സഹമന്ത്രി ശ്രീ. പ്രഫുൽ പട്ടേലിനെ കണ്ട് നിവേദനം നൽകുകയുണ്ടായി.

(സി) എയർ അറേബ്യയുമായി ചർച്ച നടത്തിയിട്ടുണ്ട്. കേരളത്തിലും ഷാർജക്കുമിടയിൽ ചെലവുകുറഞ്ഞ വിമാന സർവ്വീസ് നടത്താൻ എയർ അറേബ്യ തയ്യാറായിട്ടുണ്ട്.

(ഡി) ചെലവ് കുറഞ്ഞ ബജറ്റ് എയർലൈൻസ് ആരംഭിക്കുവാൻ എയർ ഇൻഡ്യയുടെ ഡയറക്ടർ ബോർഡ് തീരുമാനം എടുത്തതായി അറിയുന്നു.

(ഇ ആന്റ് എഫ്) ഈ വർഷത്തെ ബജറ്റിൽ ആകെ 25% എ.റ്റി.എഫ്. ടാക്സ് പിൻവലിച്ചെങ്കിലും അതിനനുസൃതമായി വിമാനയാത്രക്കൂലി കുറച്ചിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

2-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത 673, 674, 727, 728, 741, 767 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly